"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ - റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 എ പ്രകാരമുള്ള തുക ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം. സുരേന്ദ്രൻ എന്നിവർക്ക് '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1882/2024/LSGD തീയതി,തിരുവനന്തപുരം, 09-10-2024**

---

പരാമർശം:-

1. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. 136/2013 നമ്പർ കേസിന്മേലുള്ള 18/11/2015 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/10/2023 തീയതിയിലെ കെ16-95173/2016 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23/12/2023 തീയതിയിലെ എസ്1/909/2021/ടിഡ (1) നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായ പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമകളായ ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം. സുരേന്ദ്രൻ എന്നിവർ പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുകയായ 1,83,213/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി ഇരുന്നൂറ്റിപതിമൂന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായ പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 57/A2 (L.A.Sy.No.1/190) ൽപ്പെട്ട 00.02 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ്കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ പരാമർശം (3) അവാർഡ് തുകയായ 1,83,213/- രൂപ (ഒരു ലക്ഷത്തി എൺപത്തിമൂവായിരത്തി

ഇരുന്നൂറ്റിപതിമൂന്ന് രൂപ മാത്രം) '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും ശ്രീ. എം. സുധാകരൻ, ശ്രീ. എം. രവി, ശ്രീ. എം.സുരേന്ദ്രൻ (വാവറക്കോണത്ത് കടയിൽവീട്, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) എന്നീ കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എം. സുധാകരൻ (വാവറക്കോണത്ത് കടയിൽവീട്, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം) (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. എം. രവി (വാവറക്കോണത്ത് കടയിൽവീട്, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം)(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. എം. സുരേന്ദ്രൻ (വാവറക്കോണത്ത് കടയിൽവീട്, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം).(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, ക്യാപ്പിറ്റൽ റീജിയൻ ഡവലപ്പ്മെന്റ് പ്രോജക്ട്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/149/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 10-10-2024 10:43:14
സെക്ഷൻ ഓഫീസർ